*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

199th Issue - Volume 5, No. 33 **ജാഗ്രത** 26th August 2011

" നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചു കൊള്ളുക; നിങ്ങൾക്കു ലഭിക്കും., നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റെ ശിഷ്യൻമാരായിരിക്കുകയും ചെയ്യുന്നതു വഴി പിതാവ് മഹത്വപ്പെടുന്നു."

(യോഹന്നാൻ 15: 7–9)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



St. Louis of Toulouse

## പ്രധാന വാർത്തകൾ

ക്രിസ്തുവിനെ സഭയിലൂടെ പിഞ്ചെല്ലാൻ യുവജനങ്ങളെ മാർപ്പാപ്പ ആഹ്വാനം ചെയ്തു.

---

ലോകയുവജനദിനത്തിൽ കമ്മ്യൂണിസ്റ്റുചൈനയിൽ നിന്നും പ്രതിനിധി.

---

ഒരീസ്സയിലെ മതപീഡനവാർഷികത്തിൽ വിശ്വാസ സാക്ഷ്യം.

---

തോമ്മാശ്ലീഹയുടെ വിശ്വാസശൈലി വളരണം: മാർ ജോർജ് ആലഞ്ചേരി

---

അധ്യാപകനിയമന പാക്കേജ് നീതിപൂർവകമായി രൂപപ്പെടുത്തണം: ബിഷപ് ഡോ. സ്റ്റാൻലി റോമൻ

---

ദളിത് ക്രൈസ്തവരോട് സർക്കാർ കാട്ടുന്ന അനീതി ക്രൈസ്തവ വിശ്വാസത്തോടുള്ള വിവേചനമാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ: ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ.

---

സർക്കാർ ആനുകൂല്യങ്ങൾ ഏറ്റവും കുറവ് വാങ്ങുന്നത് കത്തോലിക്കർ: മാർ ആൻഡ്രൂസ് താഴത്ത്

---

## ചരിത്ര ജാഗ്രത

പൗളീനോസ് പാതിരി

## ജാഗ്രതാ വാർത്ത

ആറ് വർഷത്തിനിടെ ആർ.സി.സി.യിൽ എത്തിയത് 65000 -ത്തോളം രോഗികൾ

---

## വാരാന്ത്യവീക്ഷണം

അഴിമതിക്കെതിരെ വ്യക്തിപരവും സാമൂഹ്യവും രാഷ്ട്രീയവുമായ നീക്കം വേണം

## ക്രിസ്തുവിനെ സഭയിലൂടെ പിഞ്ചെല്ലാൻ യുവജനങ്ങളെ മാർപ്പാപ്പ ആഹ്വാനം ചെയ്തു.

സ്പെയിനിലെ മാഡ്രിഡിൽ ലോകയുവജനദിനത്തിൽ ഒരുമിച്ചുകൂടിയ ഏതാണ്ട് ഇരുപതുലക്ഷം യുവജനങ്ങളോട് സഭയിലൂടെ ക്രിസ്തുവിനെ പിഞ്ചെല്ലാൻ പരിശുദ്ധപിതാവ് ബനഡിക്റ്റ് 16-ാമൻ മാർപ്പാപ്പ ആഹ്വാനം ചെയ്തു. "ക്രിസ്തുവുമായി വ്യക്തിപരമായ ബന്ധത്തിൽ വളരാനുള്ള ഏറ്റവും നല്ലമാർഗ്ഗം സഭയാണ്". മാർപ്പാപ്പ ഓർമ്മിച്ചു.

"വിശ്വാസത്തിൽ ഈശോയെ അനുധാവനം ചെയ്യുക എന്നാൽ സഭയോടുള്ള കൂട്ടായ്മയിൽ അവിടുത്തോടു ചേർന്നു നടക്കുകയെന്നതാണ്. നമ്മൾക്ക് ഈശോയെ നമ്മുടെ സ്വന്തമായ വിധത്തിൽ അനുധാവനംചെയ്യാൻ കഴിയില്ല". പരിശുദ്ധപിതാവ് വ്യക്തമാക്കി. 21-ാം തീയതി ഞായറാഴ്ച യുവജനദിനത്തിന്റെ സമാപനമായി വി.കുർബാന അർപ്പിച്ച് സന്ദേശം നല്കുകയായിരുന്നു പരിശുദ്ധപിതാവ്.

"സ്വന്തമായവിധത്തിൽ ഈശോയെ അനുധാവനം ചെയ്യാൻ ശ്രമിക്കുന്നവർ അതായത് വിശ്വാസജീവിതത്തെ സ്വകാര്യമായി കരുതുന്നവർ ഇന്ന് വർദ്ധിച്ചു വരികയാണ്. അവർക്ക് ഈശോയെ യഥാർത്ഥത്തിൽ കണ്ടെത്താൻ കഴിയാതെവരും". മാർപ്പാപ്പ വ്യക്തമാക്കി.

## ലോകയുവജനദിനത്തിൽ കമ്മ്യൂണിസ്റ്റുചൈനയിൽ നിന്നും പ്രതിനിധി.

രണ്ടു ലക്ഷത്തോളം കത്തോലിക്കാ യുവജനങ്ങൾ ഒരു മിച്ചു കൂടിയ മാഡ്രിഡിൽ നടന്ന ലോകയുവജനദിനത്തിൽ ഏതാണ്ട് എല്ലാരാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ അവരുടെ ദേശീയ പതാകകളുമായി പങ്കെടുത്തു. ചൈനയിലെ ഷാങ്ഹായിൽ നിന്നെത്തിയ തോമസ് സെങ് ആണ് ചൈനയുടെ പതാക ലോകയുവജനദിനത്തിൽ ഉയർത്തിപ്പിടിച്ചത്. ചൈനയിൽ നിന്നും മറ്റു പ്രതിനിധികൾ ആരെങ്കിലും പങ്കെടുക്കുന്നുണ്ടോയെന്ന് തനിക്കറിഞ്ഞുകൂടെന്നായിരുന്നു തോമസ് സെങിന്റെ മറുപടി.

ഇത്രയേറെ കത്തോലിക്കായുവജനങ്ങളെ ഒരുമിച്ചു കണ്ടതിലുള്ള ആഹ്ലാദവും ആവേശവും തോമസ് മറച്ചുവച്ചില്ല. എന്റെ രാജ്യത്തിലും ഒരിക്കൽ ഇപ്രകാരം നടക്കട്ടേയെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. 80-120 ലക്ഷം കത്തോലിക്കരാണ് ചൈനയിലുള്ളത്. അതിൽ പകുതിയും കമ്മ്യൂണിസ്റ്റു സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സഭാംഗങ്ങളാണ്.

## ഒരീസ്സയിലെ മതപീഡനവാർഷികത്തിൽ വിശ്വാസ സാക്ഷ്യം.

ഒറീസ്സയിലെ കണ്ഡമാലിൽ ക്രൈസ്തവ പീഡനങ്ങളുടെ മൂന്നാം വാർഷികം ആചരിക്കുന്ന അവസരത്തിൽ ക്രൈസ്തവർ തങ്ങളെ പീഡിപ്പിക്കുന്നവരെ സ്നേഹിക്കാൻ ശീലിക്കുകയാണെന്ന് കട്ടിക്ക്-ഭുവനേസ്വർ അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് ജോൺ ബർവ്വ പ്രസ്താവിച്ചു. 2008- ൽ ഹിന്ദു തീവ്രവാദികളുടെ അക്രമത്തിൽ നൂറു ക്രൈസ്തവർ കൊല്ലപ്പെടുകയും അമ്പതിനായിരം പേർ ഭവനരഹിതരാവുകയും ചെയ്തിരുന്നു.

തീക്ഷ്ണമായ സഹനത്തിലൂടെ കടന്നുപോയി തന്റെ ജനത്തിനു പ്രതികാര മനോഭാവമില്ലെന്നു ആർച്ചു ബിഷപ്പ് വ്യക്തമാക്കി. എനിക്കിന്നു യഥാർത്ഥ ക്രൈസ്തവ വിശ്വാസത്തിന്റെ പരിശുദ്ധി ഈ ജനത്തിൽ കാണാൻ കഴിയുന്നു. അവരിന്നു തങ്ങളുടെ കുടുംബാംഗങ്ങളെ കൊന്നൊടുക്കിയവരോടും വീടുകളും ദൈവാലയങ്ങളും തകർത്തവരോടും ക്ഷമിച്ചു കഴിഞ്ഞു. ശത്രുസ്നേഹം എന്ന സുവിശേഷമൂല്യം അവർ പുലർത്തുന്നു. യഥാർത്ഥ ക്രൈസ്തവ വിശ്വാസത്തിന്റെ സാക്ഷ്യമാണ് ഈ ജനത. ആർച്ചു ബിഷപ്പ് വ്യക്തമാക്കി.

ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ ശക്തി തെളിയിക്കേണ്ട സാഹചര്യമാണ് ഈ മതപീഡനകേസുകളുടേത് എന്ന് ആർച്ചു ബിഷപ്പ് വിശദീകരിച്ചു. ഇന്നും കഠിന പീഡനങ്ങൾ ഇല്ലെങ്കിൽ തന്നെയും മതവിവേചനവും ഒറ്റപ്പെടുത്തലുകളും സാമൂഹിക വിവേചനവും ഇവിടത്തെ ജനത അനുഭവിക്കുന്നു.

## തോമ്മാശ്ലീഹയുടെ വിശ്വാസശൈലി വളരണം: മാര്‍ ജോര്‍ജ് ആലഞ്ചേരി



തോമ്മാശ്ലീഹ പകര്‍ന്നുതന്ന വിശ്വാസശൈലി കുടുംബങ്ങളില്‍ വളര്‍ത്തണമെന്നു മേജര്‍ ആര്‍ച്ച്ബിഷപ് മാര്‍ ജോര്‍ജ് ആലഞ്ചേരി ആഹ്വാനം ചെയ്തു. അഴീക്കോട് മാര്‍ത്തോമ്മ പൊന്തിഫിക്കല്‍ ഷ്റൈനില്‍ തോമ്മാശ്ലീഹയുടെ തിരുശേഷിപ്പുവണക്കവും ആശീര്‍വാദവും നിര്‍വഹിച്ചു സംസാരിക്കുക യായിരുന്നു അദ്ദേഹം. ക്രൈസ്തവ കുടുംബങ്ങളില്‍ അവിശുദ്ധമായ തൊന്നും ഉണ്ടാകാതിരിക്കാന്‍ കരുതലുണ്ടാകണം. കുടുംബത്തിന്റെ വിശുദ്ധിയാണു സഭ ഇന്നാഗ്രഹി ക്കുന്നത്. മദ്യപാനം, ലൈംഗിക അരാജക ത്വം തുടങ്ങിയവയ്ക്കു സഭാമക്കള്‍ വശംവദരാകരുത്. മക്കളെക്കുറിച്ച് അതീവജാഗ്രത പുലര്‍ത്തണം. അവരാണ് സഭയുടെ നിക്ഷേപം, സമൂഹത്തിന്റെ സമ്പ ത്ത്. അവരെ വിശുദ്ധിയില്‍ വളര്‍ത്താന്‍ കഴിയണം. മത്സരിക്കാനോ കലഹിക്കാനോ മാറിനില്‍ക്കാനോ സഭയ്ക്കു സമയമില്ല. കൂട്ടായ്മയിലൂടെ ഒന്നിച്ചു മുന്നോട്ടുപോകാന്‍ സഭാമക്കള്‍ക്കു കഴിയണം. പ്രതിസന്ധികളും വെല്ലുവിളികളും നേരിടാനുള്ള ശക്തി സഭയ്ക്കുണ്ട്. സഭയുടെ നിലവിലുള്ള 29 രൂപതകള്‍ക്കപ്പുറത്തേക്ക് പുതിയ രൂപതകളിലേക്കു വിശ്വാസചൈതന്യം എത്തിക്കാനാകണം. ത്യാഗപൂര്‍ണമായ പ്രാര്‍ഥനയുണ്ടെങ്കിലേ സഭയുടെ വാഴ്ത്തപ്പെട്ടവര്‍ വിശുദ്ധപദവിയിലെത്തൂ. ഛാന്ദാ രൂപതയില്‍ മിഷന്‍ പ്രവര്‍ത്തനങ്ങള്‍ ആരംഭിക്കുന്നതിനുമുമ്പ് കേരളത്തില്‍ ആഴത്തിലുള്ള പ്രേഷിതവേലയ്ക്കു നേതൃത്വം നല്കിയതു വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനായിരുന്നു. അദ്ദേഹത്തെ എത്രയും വേഗം വിശുദ്ധനായി പ്രഖ്യാപിക്കാന്‍ ഇടയാകട്ടെ. ദൈവത്തിനും ദൈവജനത്തിനും കൂടുതല്‍ സമര്‍പ്പിത സേവനങ്ങള്‍ നല്‍കാന്‍ സിഎംഐ സഭയ്ക്കു കഴിയുമെന്നു മേജര്‍ ആര്‍ച്ച്ബിഷപ് ആശംസിച്ചു. ഇവിടെ നിര്‍മിക്കാനുദ്ദേശിക്കുന്ന തീര്‍ഥാടക കേന്ദ്രസമുച്ചയത്തിന്റെ ശില അദ്ദേഹം ആശീര്‍വദിച്ചു. തിരുശേഷിപ്പു കൊണ്ട് അദ്ദേഹം വിശ്വാസികളെ ആശീര്‍വദിച്ചു. തിരുശേഷിപ്പുവന്ദന ശുശ്രൂഷകള്‍ക്കു ചങ്ങനാശേരി ആര്‍ച്ച്ബിഷപ് മാര്‍ ജോസഫ് പെരുന്തോട്ടം, ഇരിങ്ങാലക്കുട ബിഷപ് മാര്‍ പോളി കണ്ണൂക്കാടന്‍, കൂരിയ ബിഷപ് മാര്‍ ബോസ്കോ പുത്തൂര്‍, ഛാന്ദാ ബിഷപ് മാര്‍ വിജയാനന്ദ് നെടുമ്പുറം എന്നിവര്‍ സഹകാര്‍മികരായി.

## അധ്യാപകനിയമന പാക്കേജ് നീതിപൂര്‍വകമായി രൂപപ്പെടുത്തണം: ബിഷപ് ഡോ. സ്റ്റാന്‍ലി റോമന്‍



കേരള സര്‍ക്കാര്‍ മുന്നോട്ടുവച്ചിരിക്കുന്ന സ്കൂള്‍ അധ്യാപകനിയമന പാക്കേജ് നീതിപൂര്‍വ കമായും ഇന്ത്യന്‍ ഭരണഘടന ന്യൂനപക്ഷങ്ങള്‍ക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസസ്വാതന്ത്ര്യ ത്തിനനുസരിച്ചും രൂപപ്പെടുത്തണമെന്നു കെസിബിസി വിദ്യാഭ്യാസ കമ്മീഷന്‍ ചെയര്‍മാന്‍ ബിഷപ് ഡോ. സ്റ്റാന്‍ലി റോമന്‍. അധ്യാപക- വിദ്യാര്‍ഥി അനുപാതം1 : 30 ആക്കുന്നതും സംരക്ഷിത അധ്യാപകരെ വിന്യസിക്കുന്നതും പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വര്‍ധിപ്പിക്കുകതന്നെ ചെയ്യും. എന്നാല്‍, അധ്യാപകരെ വിദ്യാലയങ്ങളില്‍ വിന്യസിക്കാനുള്ള മാര്‍ഗങ്ങള്‍ തേടുമ്പോള്‍ ഭാഷാ- മത ന്യൂനപക്ഷങ്ങളുടെ വിദ്യാലയങ്ങളുടെ സ്വഭാവം സംരക്ഷിക്കപ്പെടുക തന്നെവേണം. അതിനു വിരുദ്ധമായ നിലപാടുകള്‍ ഭരണഘടനാവിരുദ്ധവും ജനാധിപത്യവിരുദ്ധവുമാണ്. അതുകൊണ്ടുതന്നെ ഇക്കാര്യത്തില്‍ സര്‍ക്കാര്‍ ജാഗ്രത പുലര്‍ത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. എയ്ഡഡ് വിദ്യാലയങ്ങള്‍ തങ്ങളുടെ സ്ഥലവും കെട്ടിടങ്ങളും ക്ലാസുമുറികളും സംവിധാനങ്ങളും എല്ലാം പൊതുസമൂഹത്തിനു സമര്‍പ്പിച്ചു സേവനം ചെയ്യുന്നവരാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ഉയര്‍ന്ന ഗുണനിലവാരത്തിനു കാരണവും ഈ എയ്ഡഡ് വിദ്യാലയങ്ങളാണ്. എന്നാല്‍ വര്‍ഷങ്ങളായി മെയ്ന്റനന്‍സ് ഗ്രാന്റു നല്കാനോ വിദ്യാലയ സംവിധാനങ്ങള്‍ മെച്ചപ്പെടുത്താനോ സിലബസ് മെച്ചപ്പെടുത്താനോ സര്‍ക്കാര്‍ തയാറായിട്ടില്ല. ഈ ദുരവസ്ഥയ്ക്കു പരിഹാരം കാണാനും സര്‍ക്കാര്‍ ശ്രമിക്കണം. കത്തോലിക്കാ സ്കൂള്‍ മാനേജര്‍മാരുടെ ഒരു യോഗം എറണാകുളം പിഒസിയില്‍ 26ന് ഉച്ചകഴിഞ്ഞ് മൂന്നിനു നടക്കുമെന്നും ബിഷപ് ഡോ. സ്റ്റാന്‍ലി റോമന്‍ അറിയിച്ചു.

## ദളിത് ക്രൈസ്തവരോട് സർക്കാർ കാട്ടുന്ന അനീതി ക്രൈസ്തവ വിശ്വാസത്തോടുള്ള വിവേചനമാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ.



അതിരൂപതാ പാസ്റ്ററൽ കൗൺസിൽ, ഡിസിഎംഎസ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ മെത്രാപ്പോലീത്തൻ പള്ളി പാരിഷ് ഹാളിൽ സംഘടിപ്പിച്ച നീതി ഞായർ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്. ക്രൈസ്തവവിശ്വാസത്തിന്റെ പേരിൽ പട്ടിക ജാതി സംവരണം നിഷേധിക്കപ്പെടുന്നത് അനീതിയാണ് മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു. മാറി വരുന്ന സർക്കാരുകൾ ദളിത് ക്രൈസ്തവരോട് വിവേചനം കാട്ടുകയാണ്. ഇത് മതപരമായ വിവേചനമാണ്. ഇനിയെങ്കിലും ഈ വിവേചനം അവസാനിപ്പിക്കണം. വിദ്യാഭ്യസത്തിലൂടെ സാമൂഹ്യ വളർച്ച നേടാൻ ദളിത് ക്രൈസ്തവർ പരിശ്രമിക്കണമെന്നും മാർ പവ്വത്തിൽ ആഹ്വാനം ചെയ്തു

## സർക്കാർ ആനുകൂല്യങ്ങൾ ഏറ്റവും കുറവ് വാങ്ങുന്നത് കത്തോലിക്കർ: മാർ ആൻഡ്രൂസ് താഴത്ത്



സർക്കാരിന്റെ ആനുകൂല്യങ്ങൾ ഏറ്റവും കുറവ് വാങ്ങിക്കുന്നത് കത്തോലിക്കർ മാത്രമാണെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. സാമൂഹ്യസേവനരംഗത്ത് തൃശൂർ അതിരൂപത ചെയ്യുന്ന സാമൂഹ്യസേവനങ്ങൾ ജില്ലയിൽ സർക്കാർപോലും ചെയ്യുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സെന്റ് മേരീസ് ഫൊറോന പള്ളിയിൽ തൃശൂർ അതിരൂപത ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് അതിരൂപതയിൽ ആദ്യമായി സംഘടിപ്പിച്ച കണ്ടശാംകടവ് ഫൊറോന അസംബ്ലിയിൽ സമാപന സന്ദേശം നൽകുകയായിരുന്നു ആർച്ച്ബിഷപ്. ന്യൂനപക്ഷമായ കത്തോലിക്കർക്ക് സർക്കാരിൽനിന്ന് ജോലികളിൽ പോലും സംവരണം ലഭിക്കുന്നില്ല -മാർ താഴത്ത് ചൂണ്ടിക്കാട്ടി. 50 ശതമാനം കുട്ടികളിൽനിന്ന് ഇരട്ടി കാപ്പിറ്റേഷൻ വാങ്ങി സർക്കാൽ ലിസ്റ്റ് പ്രകാരം നൽകുന്ന പണക്കാരുടെ മക്കളെ വെള്ളാപ്പള്ളി നടേശന്റെ മകനെപോലും പണംവാങ്ങാതെ സ്വാശ്രയ കോളേജുകളിൽ സഭ പഠിപ്പിക്കണമെന്നാണ് മുൻ മന്ത്രി എം.എ. ബേബിയും ഇപ്പോൾ യുഡിഎഫ് സർക്കാരും പറയുന്നത്. അങ്ങനെവരുമ്പോൾ വെറുതെ പഠിച്ചതിന്റെ പേരിൽ രാഷ്ട്രീയകക്ഷികൾക്ക് വോട്ടുകിട്ടും. അതിനുള്ള ചെലവ് മുഴുവൻ സഭ നടത്തുന്ന സ്വാശ്രയകോളജിലെ 50 ശതമാനം വിദ്യാർഥികൾ വഹിക്കണമെന്ന് പറയുന്നത് എന്ത് സാമൂഹ്യനീതിയാണ് -മാർ താഴത്ത് ചോദിച്ചു. സ്കൂളുകളിൽ ഈവർഷം നിയമിച്ച അധ്യാപകരെ പോലും ടീച്ചേഴ്സ് ബാങ്കിന്റെ മറവിൽ പിരിച്ചുവിടാനാണ് സർക്കാർ ശ്രമം -അദ്ദേഹം പറഞ്ഞു. സത്യം പറയുന്നതുകൊണ്ട് തെരഞ്ഞുപിടിച്ച് മാധ്യമങ്ങളിലൂടെ കത്തോലിക്കസഭയെ കരിവാരിതേയ്ക്കാൻ ശ്രമം വ്യാപകമാണ് -മാർ താഴത്ത് പറഞ്ഞു. ജോലി നൽകുന്ന ഫാക്ടറിയല്ല സഭ. ജോലികിട്ടാൻ പ്രോത്സാഹനം നൽകുകയാണ് സഭയുടെ ജോലി. സഭ പ്രോത്സാഹനം നൽകുന്നതുകൊണ്ടാണ് സഭാസ്ഥാപനങ്ങളിൽ നിരവധിപേർ പഠിച്ച് വിവിധ മേഖലകളിൽ ജോലി നേടുന്നത്-മാർ താഴത്ത് ചൂണ്ടിക്കാട്ടി. കാർഷികരംഗത്തെ വളർത്തി പ്രോത്സാഹിപ്പിച്ചതും ആതുരശുശ്രൂഷ, വിദ്യാഭ്യാസം, അധ്യാപനം, ബാങ്കിംഗ്, വാണിജ്യമേഖലകളിലെല്ലാം സഭാംഗങ്ങൾ നൽകിയ സേവനം മറക്കാൻ പാടില്ല. നമ്മൾ ചെയ്യുന്നതിനെക്കുറിച്ച് അഭിമാനബോധമുണ്ടാകണം -അദ്ദേഹം ഓർമിപ്പിച്ചു. ബാങ്കിംഗ് രംഗത്തുനിന്ന് നമ്മെ പുറത്താക്കിക്കൊണ്ടിരിക്കുകയാണ് അദ്ദേഹം ചൂണ്ടിക്കാട്ടി. സുവിശേഷം കേൾക്കാത്തവർക്ക് സുവിശേഷം നൽകാനും സുവിശേഷമറിയുന്നവർ സുവിശേഷത്തിൽ ആഴപ്പെടുകയും വേണം. പുതിയകാലഘട്ടത്തിൽ ഊന്നൽ നൽകേണ്ടത് നവസുവിശേഷവത്കരണത്തിനാണ്-മാർ താഴത്ത് ഉദ്ബോധിപ്പിച്ചു.

# പൗളീനോസ് പാതിരി

പൗളീനോസ് ഓസ്ട്രിയാ രാജ്യത്തിലുള്ള പിനോനിയാ(Pinonia)ഗ്രാമത്തിൽ എ.ഡി. 1748 ഏപ്രിൽ മാസം 28-ാം തീയതി ജനിച്ചു. അദ്ദേഹത്തിന്റെ ആദ്യത്തെ പേര് ജോൺ ഫിലിപ്പ് വെസ്ഡിൻ എന്നായിരുന്നു.കർമ്മലീത്താ സഭയിൽ അംഗമായപ്പോൾ അദ്ദേഹം പൗലീനോ ഡിസൻബർത്തലോമിയോ എന്ന പേരു സ്വീകരിച്ചു. പില്ക്കാലത്ത് ഈ പേരു ചുരുക്കി പൗളിനോസ് എന്ന് അദ്ദേഹത്തെ വിളിച്ചുവന്നു. പൗലി എന്നും പറയാറുണ്ട്. പ്രാഗിലേയും (Prague)റോമിലേയും വിശ്വവിദ്യാലയങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസം.

പൗളീനോസ് 1777-ൽ വരാപ്പുഴ എത്തി. അവിടത്തെ കർമ്മലീത്താ പള്ളിയിൽ താമസമായി. കേരളത്തിലെത്തുന്നതിനുമുൻപ് അദ്ദേഹം മാതൃഭാഷയായ ദർമ്മനും, ലത്തീൻ ഇറ്റാലിയൻ, ഫ്രെഞ്ച്, ഇംഗ്ലീഷ്, സുറിയാനി, സംസ്കൃതം എന്നീ ഭാഷകളും അഭ്യസിച്ച് അവയിൽ നല്ല പ്രാവീണ്യം നേടിയിരുന്നു. കേരളത്തിൽ വന്നശേഷം മലയാളഭാഷ പഠിക്കുകയും നല്ല വ്യൽപ്പത്തി നേടുകയും ചെയ്തു.

അക്കാലത്ത് തിരുവിതാംകൂർ ഭരിച്ചിരുന്നത് ധർമ്മരാജാവെന്ന് അറിയപ്പെട്ട രാമവർമ്മ മഹാരാജാവായിരുന്നു. അദ്ദേഹം ക്രിസ്ത്യാനികളോട് വലിയ സൗഹാർദ്ദം കാണിച്ചിരുന്നു. അതിൽ സന്തുഷ്ടനായ മാർപ്പാപ്പ ക്ലെമന്റ് പതിന്നാലാമൻ കൃതജ്ഞതാപുരസ്സരം 1774-ൽ കൊടുത്തയച്ച സന്ദേശവുമായിട്ടാണ് പൗളിനോസ് കേരളത്തിലെത്തിയത്. പൗളീനോസ് 1780-ൽ അപ്പോഴത്തെ തലസ്ഥാനമായ പത്മനാഭപുരത്തുചെന്ന് മാർപ്പാപ്പയുടെ സന്ദേശം മഹാരാജാവിനു സമർപ്പിച്ചു.പൗളീനോസും തിരുവിതാംകൂർ മഹാരാജാവും തമ്മിൽ സുഹൃത്ബന്ധം സ്ഥാപിക്കുന്നതിനും അതു കാരണമായി.

മഹാരാജാവ് പൗളീനോസിൽ നിന്നും ഇംഗ്ലീഷു പഠിച്ചു. മഹാരാജാവിന്റെ ആജ്ഞയനുസരിച്ച് പാതിരി ഒരു മലയാളം-ഇംഗ്ലീഷ്- പോർത്തുഗീസ് നിഘണ്ടു നിരമ്മിച്ചു. 1787-ൽ മഹാരാജാവ് പാതിരിക്ക് ഒരു വീരശൃംഖല സമ്മാനിക്കയുണ്ടായി. കേരളത്തിനേയും പ്രത്യേകിച്ചു തിരുവിതാംകൂറിനേയും പരാമർശിക്കുന്ന കാര്യങ്ങൾ പൗളീനോസ് അദ്ദേഹത്തിന്റെ ഇന്ത്യായാത്ര (A Yoyage to the east Indies ) എന്ന ഗ്രന്ഥത്തിലും , പൗരസ്ത്യരായ ഇന്ത്യയിലെ ക്രിസ്ത്യാനികൾ (India Orientalis Christiana) എന്ന ഗ്രന്ഥത്തിലും രേഖപ്പേടുത്തീട്ടുണ്ട്. ഇൻഡ്യാ യാത്ര ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തീട്ടുണ്ട്.. അദ്ദേഹത്തിന് അതു കൂടാതെ റോമിലെ വോൾസിയർ അക്കാഡമി എന്ന പണ്ഡിതസദസ്സിൽ അംഗത്വം ലഭിച്ചു. പിന്നീട് പാരീസിലെയും നേപ്പിൾസിലേയും അക്കാഡമി ഓഫ് സയൻസ് എന്ന വിദ്വൽ സമിതിയിലെ മെമ്പർ സ്ഥാനം ലഭിച്ചു. ഈ ബഹുമതികൾക്കെല്ലാം മകുടം ചാർത്തുന്നതായിരുന്നു മാർപാപ്പയിൽ നിന്നും ലഭിച്ച വികാരി അപ്പസ്തോലിക് എന്ന ബഹുമതി. അദ്ദേഹം 1806-ാമാണ്ട് 58-ാമത്തെ വയസ്സിൽ സ്വദേശത്തു വച്ച് ചരമഗതി പ്രാപിച്ചു.

പൗളീനോസ് പാതിരിയുടെ കൃതികൾ-ത്രേസിയാചരിതം, ദേവഷ്ഡ്ഗുണം, കുദാശപ്പുസ്തകം, എട്ടുദിവസത്തെ ധ്യാനം, ദിവ്യജ്ഞാനലബ്ധിക്കുള്ള സരണി, മലയാള വ്യാകരണം, അക്ഷരമാലാവിസ്താരം, മലയാളം-ഇംഗ്ലീഷ്- പോർത്തുഗീസ് നിഘണ്ടു. പാശ്ചാത്യഭാഷകളിൽ 11 ഗ്രന്ഥങ്ങൾ റോമ്മായിൽ അച്ചടിപ്പിച്ചു."ആകെക്കൂടി നോക്കുമ്പോൾ ഭാഷയുടെ പരമോപകർത്താക്കളിൽ ഒരാളായി പൗളീനോസ് പാതിരി പരിലസിക്കുന്നു. നൂറ്റൻപതു കൊല്ലങ്ങൾക്കു മുൻപ് മലയാളം എന്നൊരു ഭാഷയും അതിനു മനോജ്ഞമായ ഒരു സാഹിത്യവുമുണ്ടെന്നു യൂറോപ്യന്മാരെ മനസ്സിലാക്കിച്ചത് അദ്ദേഹമാണല്ലോ" ഉള്ളൂർ.

## ആറ് വർഷത്തിനിടെ ആർ.സി.സി.യിൽ എത്തിയത് 65000 -ത്തോളം രോഗികൾ

ആറ് വർഷത്തിനിടെ അർബുദം ബാധിച്ച് തിരുവനന്തപുരത്തെ റീജണൽ കാൻസർ സെന്ററിൽ ചികിത്സതേടിയത് 64,456 പേർ. പാൻമസാല, പുകയില, എന്നിവയുടെ ഉപയോഗം മൂലം 4221 സ്ത്രീകൾ ചികിത്സ തേടിയതായി വിവരാവകാശ രേഖകൾ വ്യക്തമാക്കുന്നു.

2005 മുതൽ 2011 മാർച്ച് വരെയുള്ള കാലയളവിലെ വിവരങ്ങളാണിത്. ഇതിൽ 4074 പേർ 20 വയസ്സിൽ താഴെപ്രായമുള്ളവരാണ്.

പുകയിലജന്യ ക്യാൻസറിന് 18940 പേർ ആർ.സി.സി.യിൽ ചികിത്സതേടി. ഇതിൽ4221 പേർ സ്ത്രീകളാണ്. ഓരോ വർഷവും അർബുദം ബാധിക്കുന്നവരുടെ എണ്ണം വർധിക്കുന്നതായാണ് ആർ.സി.സി.യിൽ ചികിത്സതേടുന്നവരുടെ കണക്ക് വ്യക്തമാക്കുന്നത്.

2005-ൽ8 762- ഉം 2006 -ൽ 9441-ഉം 2007-ൽ 9913-ഉം 2008-ൽ 10576-ഉം 2009-ൽ 11287-ഉം 2010-ൽ 11504-ഉം പേർ ക്യാൻസറിന് ആർ.സി.സി.യിൽ ചികിത്സതേടി.2011-മാർച്ചിൽ 31 വരെ 2973 പേരും ചികിത്സ തേടിയതായാണ് പൊതുപ്രവർത്തകനായ പി.കെ.രാജീവിന് വിവരാവകാശ പ്രകാരം ലഭിച്ച മറുപടിയിൽ വ്യക്തമാക്കുന്നത്.

പുകയില, പാൻ എന്നിവയുടെ സ്ഥിരമായ ഉപയോഗം മൂലം അർബുദം ബാധിക്കുന്നവരുടെ എണ്ണവും വർധിക്കുകയാണ്. ഇതേ കാലയളവിൽ 39 കുട്ടികൾ പുകയില ജന്യക്യാൻസറിന് ചികിത്സതേടിയെത്തിയിട്ടുണ്ട്.

## വാരാന്ത്യവീക്ഷണം

### അഴിമതിക്കെതിരെ വ്യക്തിപരവും സാമൂഹ്യവും രാഷ്ട്രീയവുമായ നീക്കം വേണം

അഴിമതിക്കെതിരെ ശ്രീ.അണ്ണാഹസ്സാരേ നടത്തുന്ന സമരം ദേശീയപ്രാധാന്യവും അന്തർ ദേശിയ ശ്രദ്ധയും നേടി. അഴിമതികേസുകൾ പെരുകിവരുന്നകാലത്ത് അതിന് ഒരു അറുതിവരണമെന്ന ചിന്ത ശക്തിപ്പെടുന്നത് സ്വാഭാവികം മാത്രം. ദില്ലിയിലും മറ്റെല്ലാസംസ്ഥാനങ്ങളിലും തന്നെ അഴിമതിവിരുദ്ധ സമ്മേളനങ്ങൾക്ക് പ്രചാരവും പ്രചരണവും കിട്ടിക്കഴിഞ്ഞു. യുവജനങ്ങൾ ആവേശത്തോടെ ഈ മുന്നേറ്റങ്ങളിൽ പങ്കുചേരുന്നുവെന്നതാണ് ശ്രദ്ധേയമായ ഒരു കാര്യം.

അഴിമതി നമ്മുടെ നാട്ടിൽ എല്ലാ രംഗത്തെയും തന്നെ ഗ്രസിച്ചു കഴിഞ്ഞുവെന്നത് എല്ലാവരേയും ആകുലപ്പെടുത്തുന്നുണ്ട്. അതുകൊണ്ടു തന്നെ അഴിമതിക്കെതിരെ വ്യക്തിപരമായും ഒത്തു ചേർന്നും മുന്നേറ്റങ്ങൾ ഉണ്ടാകണം. വ്യക്തിപരമായി ഓരോരുത്തനും അഴിമതിമുക്തമാകണം. ശക്തമായ നിയമങ്ങളും, നിയമലംഘനം തടയാനുള്ള സംവിധാനവും നീതിന്യായവ്യവസ്ഥയും എല്ലാം ചേർന്നാലെ ഈ പ്രശ്നത്തിനു പരിഹാരമാകു.

വൻഅഴിമതികളുടെ കഥകൾ എല്ലാദിവസവും നമ്മുടെ മുമ്പിലെത്തുന്നു. നീതിന്യായ വ്യവസ്ഥയുടെ തലപ്പത്തിരിക്കുന്നവരും മന്ത്രിസഭയിൽ സുപ്രധാനവകുപ്പുകൾ കൈകാര്യം ചെയ്യുന്നവരും ഒക്കെ അഴിമതിക്കാരാണ് എന്ന വാർത്തകൾ എല്ലാവരേയും ആകുലപ്പെടുത്തുന്നുവെന്ന് അണ്ണാഹസാരെയുടെ സത്യഗ്രഹത്തിനു ലഭിക്കുന്ന പിന്തുണ തെളിയിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ ഒരു മുന്നേറ്റം ഉപയോഗപ്പെടുത്തി എല്ലാ തലങ്ങളെയും അഴിമതി മുക്തമാക്കാനുള്ള ശ്രമങ്ങൾ വേണം.

വ്യക്തിപരമായി കൈക്കൂലി കൊടുക്കുന്നവരോ കൈക്കൂലി സ്വീകരിക്കുന്നവരോ ഉണ്ടാകരുത്. വഴിവിട്ട ഒരു കാര്യവും ആർക്കും വേണ്ട എന്ന നിലപാടു ഉണ്ടാകണം. നീതിബോധം എല്ലാവരേയും ഭരിക്കണം. പൊതുസ്വത്തിനെ സംരക്ഷിക്കണ്ടതാണന്ന ബോദ്ധ്യം എല്ലാവർക്കും ഉണ്ടായിരിക്കുകയും വേണം. അഴിമതിക്കാരെയും കൈക്കൂലിക്കാരെയും എല്ലാ നേതൃത്വത്തിൽ നിന്നും പൊതു സംരംഭങ്ങളിൽ നിന്നും ഒഴിവാക്കണം. ശക്തമായ നിയമങ്ങൾക്കു രൂപം നല്കുന്നതും അതു നടപ്പിലാക്കാനുള്ള ശക്തമായ സംവിധാനവും സൃഷ്ടിക്കപ്പെടുകയും കൂടി ആയാൽ നമ്മുടെ യുവജനങ്ങളെ നീതി നിറഞ്ഞ ഒരു സമൂഹത്തിലേക്കെത്തിക്കാൻ നമ്മൾക്കു കഴിയും

**"Jagratha News"** - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org
**Blog:** jagrathakcbc.blogspot.com
**Designed and Edited by** Fr. Philip Nelpuraparambil,
Secretary, KCBC Commission for Social Harmony and Vigilance,
P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA